# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 299**

**29-06-2016-ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**നികുതിചോർച്ച**

| | ചോദ്യം<br><br>ശ്രീ. കെ.വി. വിജയദാസ് | | മറുപടി<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതിചോർച്ച ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രമെന്ന് വിശദമായ കണക്ക് നൽകുമോ; | (എ) | നികുതി ചോർച്ച സംബന്ധിച്ച് വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**വാണിജ്യ നികുതി വകുപ്പ്**<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാ നിരക്കും വളർച്ചാ നിരക്കിൽ വന്ന കുറവും ചുവടെ ചേർക്കുന്നു. |

| വർഷം | പ്രതീക്ഷിച്ച വളർച്ചാ നിരക്ക് | ലഭിച്ച വളർച്ചാ നിരക്ക് | വളർച്ചാ നിരക്കിൽവന്ന കുറവ് |
|---|---|---|---|
| 2011-12 | 20% | 20% | 0 |
| 2012-13 | 22% | 19% | 3% |
| 2013-14 | 24% | 11% | 13% |
| 2014-15 | 26% | 10% | 16% |
| 2015-16 | 25% | 12% | 13% |

**രജിസ്ട്രേഷൻ വകുപ്പ്**

ആധാരത്തിന്റെ ശരിയായ മൂല്യം കാണിക്കാത്തതിനാൽ അണ്ടർ വാല്യുവേഷൻ നടപടികൾക്ക് വിധേയമായ ആധാരങ്ങളിൽ ജില്ലാ രജിസ്ട്രാർ അന്തിമ ഉത്തരവ് നൽകുന്ന തുകയിൽ കക്ഷി ഒടുക്കാതെ വരുന്ന തുകയാണ് പിരിച്ചെടുക്കുവാനുള്ളത്. 1986 മുതലുള്ള അന്തിമ ഉത്തരവ് നൽകുന്ന നടപടി പൂർത്തിയായിട്ടില്ലാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.
എന്നിരുന്നാലും 2016-17 സാമ്പത്തിക വർഷം മെയ് വരെയുള്ള കാലയളവിൽ ഇത്തരത്തിൽ 30.30 കോടി രൂപ പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്.

**<u>എക്സൈസ് വകുപ്പ്.</u>**

എക്സൈസ് റവന്യൂ ചോർന്നുപോകാൻ സാധ്യതയുള്ളത് വ്യാജ മദ്യ വില്പന, അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള അനധികൃത സ്പിരിറ്റ് കടത്ത് എന്നിവയിലൂടെയാണ്. വ്യാജമദ്യ വിൽപനയിലൂടെയും സ്പിരിറ്റ് കലർത്തിയ മദ്യം വിൽക്കുന്നതിലൂടെയും സർക്കാരിന് നഷ്ടപ്പെടുന്നത് നിയമാനുസൃത മദ്യ വില്പനയിലൂടെ ലഭിക്കേണ്ട ഡ്യൂട്ടിയും മറ്റ് നികുതികളുമാണ്. ഇത്തരത്തിലുള്ള നികുതി ചോർച്ച കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയില്ല.

**<u>ലാന്റ് റവന്യൂ വകുപ്പ്</u>**

ലാന്റ് റവന്യൂ വകുപ്പ് പ്രധാനമായും പിരിച്ചെടുക്കുന്നത് അടിസ്ഥാന ഭൂനികുതി,

തോട്ട നികുതി, ജലനികുതി, കെട്ടിട നികുതി, ആഡംബര നികുതി, അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റ് നികുതികൾ എന്നിവയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാന്റ് റവന്യൂ ഇനങ്ങളിൽ താഴെ പറയും പ്രകാരം വിവിധ സ്റ്റേകൾ നിലവിലുണ്ടായിരുന്നു.

| സാമ്പത്തിക വർഷം | സ്റ്റേ തുക (കോടി രൂപയിൽ) | | | |
|---|---|---|---|---|
| | കോടതി | ഗവൺ - മെന്റ് | അപ്പലറ്റ് | ആകെ |
| 2011-12 | 56.13 | 23.44 | 8.23 | 87.80 |
| 2012-13 | 66.35 | 35.98 | 10.95 | 113.28 |
| 2013-14 | 47.16 | 39.63 | 12.69 | 99.48 |
| 2014-15 | 49.24 | 34.20 | 18.54 | 101.98 |
| 2015-16 | 56.74 | 34.50 | 20.87 | 112.11 |

വിവിധ ഇനങ്ങളിൽ സ്റ്റേ നിലനിൽക്കുന്നത് പിരിവ് പുരോഗതിയെ ബാധിക്കും. എന്നിരുന്നാലും കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോധിച്ചാൽ ലാന്റ് റവന്യൂ ഇനങ്ങളിലെ പിരിവിൽ വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**<u>മോട്ടോർ വാഹന വകുപ്പ്</u>**

മോട്ടോർ വാഹന വകുപ്പിൽ 31-12-2015 വരെയുള്ള നികുതി കുടിശ്ശിക 1477.63 കോടി രൂപയാണ്. ഇതിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വകുപ്പിന്മേലുള്ള കുടിശ്ശിക 1217.77 കോടി രൂപയാണ്. വകുപ്പിന്റെ മാത്രമായുള്ള കുടിശ്ശിക 259.86 കോടി രൂപയുമാണ്.

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരം നികുതി ചോർച്ച തടയുന്നതിന് ഈ സർക്കാർ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ? | (ബി) | വാണിജ്യ നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് പല പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.<br>1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കുകയാണ്.<br>2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>3) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>5) ആധുനിക സംയോജിത ചെക്ക്പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.<br>6) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>7) റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.<br>10) അനധികൃത മദ്യ വില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.<br>11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചുകാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും. |

[signature]

**സെക്ഷൻ ഓഫീസർ.**